ടൈറ്റാനിയം ഫാക്ടറിയുടെ ആവശ്യത്തിനായി മണൽ ഇറക്കുമതി

232 (599) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൈറ്റാനിയം ഫാക്ടറിയുടെ ആവശ്യത്തിനായി സ്വകാര്യ കമ്പനികൾ വഴി ശ്രീലങ്കൻ മണൽ ഇറക്കുമതി ചെയ്തതിനാൽ സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ടോ ; എങ്കിൽ എത്ര രൂപയുടെ നഷ്ടമെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇൽമനൈറ്റ് ഇറക്കുമതി ചെയ്യുന്നതിനുള്ള ടെണ്ടറിൽ ഏതെല്ലാം കമ്പനികളാണ് പങ്കെടുത്തതെന്നും എത്ര രൂപയാണ് ടെണ്ടറിൽ ക്വാട്ട് ചെയ്തതെന്നും വ്യക്തമാക്കുമോ ;

(സി) ഗുണനിലവാരം കുറഞ്ഞ ശ്രീലങ്കൻ മണൽ ഇറക്കുമതിയ്ക്കായി നടപടികൾ സ്വീകരിച്ച ഉന്നത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2009-10 മുതൽ 2013-14 വരെയുള്ള കാലയളവിൽ കമ്പനിയുടെ ആവശ്യത്തിനുള്ള കരിമണൽ ഐ.ആർ.ഇ.-യിൽ നിന്നും പൂർണ്ണമായും ലഭിച്ചിരുന്നില്ല. കമ്പനിക്ക് അധികമായി വേണ്ടിവരുന്ന കരിമണൽ, ഉൽപ്പാദനം മുടരുന്നതിന് അത്യന്താപേക്ഷിതമായതിനാൽ, മത്സരാധിഷ്ഠിത ദർഘാസ് മുഖേന ശ്രീലങ്കയിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങൾ വഴി വാങ്ങിയിട്ടുണ്ട്. എന്നാൽ 2011-12-ൽ M/s Ind Chem-ൽ നിന്നും വാങ്ങിയ കരിമണലിനെ സംബന്ധിച്ച് എ.ജി. നടത്തിയ പരിശോധനാ റിപ്പോർട്ടിൽ 2.21 കോടി രൂപ അധിക ചെലവ് വന്നതായി പ്രതിപാദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണവും നടക്കുന്നുണ്ട്. അധിക ചെലവ് M/s Ind Chem-ൽ നിന്ന് ഈടാക്കുന്നതിന് കമ്പനിയുടെ ആവശ്യപ്രകാരം കേരള ഹൈക്കോടതി നിയമിച്ച ആർബിട്രേഷൻ ഇപ്പോൾ നടന്നുവരുന്നു. ഇത് സംബന്ധിച്ച അന്തിമവിധി ഇതുവരെ വന്നിട്ടില്ല.

(ബി) 2011-12-ൽ CD/CN/Ilmenite/11-12 dated 7-12-2011 എന്ന ടെണ്ടറിൽ 4 സ്ഥാപനങ്ങൾ പങ്കെടുക്കുകയും മൂന്നുപേരുടെ Price Bid open ചെയ്യുകയുമുണ്ടായി. വിശദ വിവരം താഴെ കൊടുക്കുന്നു:

- M/s. Ind Chem linc. ₹ 16,613
- M/s. Alliance Lanka ₹ 17,332
- M/s Miracle Sands ₹ 17,250

(സി) വിജിലൻസിന്റെ അന്വേഷണത്തെ തുടർന്ന് രണ്ട് ഉദ്യോഗസ്ഥന്മാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly